# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**അടിയന്തര ചോദ്യം** **27.06.2019 ലെ മറുപടിയ്ക്ക്**

## വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള മണിചെയിൻ തട്ടിപ്പ്

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മണിചെയിൻ തട്ടിപ്പിലൂടെ സംസ്ഥാനത്തെ വിദ്യാർത്ഥികളെ കെണിയിൽ വീഴ്ത്തുന്നതായുള്ള പരാതിയിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | മണിചെയിൻ തട്ടിപ്പിലൂടെ 2,38,000/- രൂപ വഞ്ചിച്ചെടുത്തു എന്ന് കാണിച്ച് അഖിൽ, എബിൻ തോമസ്, നിളാമുദ്ദീൻ എന്നിവർ ചേർന്ന് 15.06.2019 ന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി മുമ്പാകെ സമർപ്പിച്ച പരാതി മണ്ണന്തല പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ-.യ്ക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനായി 18.06.2019-ാം തീയതി അയച്ചു നൽകി. ഇക്കാര്യത്തിന് മണ്ണന്തല പോലീസ് സ്റ്റേഷൻ ക്രൈം.നം.1198/2019 u/s 420 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | തലസ്ഥാനത്തെ പത്താം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോളേജുവരെയുള്ള വിദ്യാർത്ഥികൾ ഈ തട്ടിപ്പിന് ഇരയായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിക്കാതിരിക്കാൻ ഈ തട്ടിപ്പിന്റെ ഉറവിടം കണ്ടെത്തി | (ബി) യും (സി) യും (ഡി) യും | പത്താം ക്ലാസ് മുതൽ പ്രൊഫഷണൽ കോളേജ് വരെയുള്ള വിദ്യാർത്ഥികൾ തട്ടിപ്പിന് ഇരയായിട്ടുണ്ടോ എന്ന കാര്യവും സ്വകാര്യ മണി ചെയിൻ തട്ടിപ്പ് സംഘം തലസ്ഥാനത്ത് ഓഫീസ് ആരംഭിച്ച് പ്രവർത്തനം തുടങ്ങിയത് സംബന്ധിച്ചും അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ |

| | | | |
|---|---|---|---|
| | കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | | കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ് . |
| (സി) | സ്വകാര്യ മണിചെയിൻ തട്ടിപ്പുസംഘം തലസ്ഥാനത്ത് ഓഫീസ് ആരംഭിച്ച് പ്രവർത്തനം തുടങ്ങിയത് സംബന്ധിച്ച് നാട്ടുകാർ പരാതിപ്പെട്ടിട്ടും പോലീസ് നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ഗൗരവമായി പരിശോധിക്കുമോ; | | |
| (ഡി) | വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട പണം തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**